2

# സ്തോത്രവും പ്രാർത്ഥനയും
## (ഫിലെമോൻ 4- 7)

പൗലൊസ് പ്രത്യേകമായി സ്തോത്രവും പ്രാർത്ഥനയുമായിട്ടാണ് തന്റെ ലേഖനങ്ങൾ ആരംഭിക്കുന്നത്. അത് പൗലൊസിന്റെ ഒരു നിലവാര രൂപമായിരുന്നു എങ്കിലും, അത് സന്ദേശത്തിന്റെ യഥാർത്ഥ "സത്തയിലേക്കുള്ള" വെറും ഒരു ചടങ്ങായോ ദയവായോ പറയുന്നതല്ല എന്ന് ചിന്തിക്കുക. മറിച്ച്, ലേഖനത്തിൽ ഉൾപ്പെട്ട മുഖ്യ വിഷയമായിട്ടായിരുന്നു സ്തോത്രവും പ്രാർത്ഥനയും. അത് താഴെ കൊടുത്തിരിക്കുന്ന ചാർട്ടിൽ കാണാം. ലേഖനത്തിലെ മുഖ്യ വിഷയം പൗലൊസ് മുഖവുരയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് കാണാം (വാ. 8–22) അവൻ ലേഖനം ആരംഭിച്ചതു തന്നെ സ്തോത്രവും പ്രാർത്ഥനയും ഉൾപ്പെടുത്തിയാണ് (വാ. 4–7).

**ഫിലെമോന്റെ ലേഖനത്തിലെ മുഖ്യ വാക്കുകൾ**

| മുഖ്യ വാക്ക് | സ്തോത്രവും പ്രാർത്ഥനയും (വാ. 4–7) | ലേഖനത്തിന്റെ പ്രധാന ഭാഗം (വാ. 8–22) |
|---|---|---|
| "പ്രാർത്ഥന" | വാ. 4 | വാ. 22 |
| "സ്നേഹം" | വാ. 5, 7 | വാ. 9 |
| "കൂട്ടായ്മ" | വാ. 6 | വാ. 17 |
| "നന്മ (യുടെ)" | വാ. 6 | വാ. 14 |
| "ഹൃദയം" | വാ. 7 | വാ. 12, 20 |
| "ആശ്വാസം" | വാ. 7 | വാ. 20 |
| "സഹോദരൻ" | വാ. 7 | വാ. 20 |

**4–7**

**4കർത്താവായ യേശുവിനോടും സകലവിശുദ്ധന്മാരോടും നിനക്കുള്ള സ്നേഹത്തെയും വിശ്വാസത്തെയും കുറിച്ച് ഞാൻ കേട്ടിട്ട് 5നമ്മിലുള്ള എല്ലാ നന്മയുടേയും പരിജ്ഞാനത്താൽ നിന്റെ വിശ്വാസത്തിന്റെ കൂട്ടായ്മ ക്രിസ്തുവിന്നായി സഫലമാകേണ്ടതിന്നു 6എന്റെ പ്രാർത്ഥനയിൽ നിന്നെ ഓർത്ത് എപ്പോഴും എന്റെ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു. 7സഹോദരാ വിശുദ്ധന്മാരുടെ ഹൃദയം നീ തണുപ്പിച്ചതുനിമിത്തം നിന്റെ സ്നേഹത്തിൽ എനിക്ക് വളരെ സന്തോഷവും ആശ്വാസവും ഉണ്ടായി.**

**വാക്യം 4. എന്റെ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു** എന്നത് പൗലൊസിന്റെ ലേഖനങ്ങൾ ആരംഭിക്കുന്ന സമയത്തെ ഒരു രീതിയായിരുന്നു (റോമർ 1:8; 1 കൊ. 1:4; ഫിലി. 1:3). വാചകത്തിന്റെ മദ്ധ്യേ ഉപയോഗിച്ച എപ്പോഴും

എന്ന വാക്ക് **എപ്പോഴെല്ലാം** അവൻ സ്തോത്രം ചെയ്തു എന്നു വ്യക്തമാക്കുന്നതാണ് (എൻഎഎസ്ബി; എൻഐവി. ആർഎസ്വി) അല്ലെങ്കിൽ ആ ലേഖനം ഗുണഭോക്താക്കളെ എപ്പോഴെല്ലാം പൗലൊസ് പ്രാർത്ഥനയിൽ ഓർമ്മിച്ചു എന്നു വ്യക്തമാക്കുന്ന പ്രയോഗമാണ് (കെജെവി). **എന്റെ പ്രാർത്ഥനയിൽ നിന്നെ ഓർത്തു എന്നത്**, അവർക്ക് വേണ്ടി പൗലൊസ് നിരന്തരമായി ദൈവത്തോട് പ്രാർത്ഥിച്ചിരുന്നു എന്നു അവരെ ഓർപ്പിക്കുകയാണ്, അവൻ ആരംഭിച്ച സഭകളോടും മറ്റു ക്രിസ്ത്യാനികളോടുമുള്ള അവന്റെ അടുത്ത ബന്ധമാണ് അത് സൂചിപ്പിക്കുന്നത്. തടവിലായതിനാൽ, അവൻ അവരിൽനിന്നും ദൂരെയായിരുന്നുവെങ്കിലും, ആത്മിയമായി പ്രാർത്ഥനയുടെ ബന്ധത്തിൽ അവൻ ഉറ്റിരുന്നു എന്നു തെളിയിക്കുന്നു.

ഈ വാക്യത്തിൽ മുഖ്യമായ ഒരു മാറ്റം സംഭവിക്കുന്നു. വന്ദനത്തിൽ സംബോധന ചെയ്തിരുന്നത് രണ്ടു പേരിൽനിന്ന് പൗലൊസും തിമൊഥെയൊസും, പിന്നെ മൂന്നു പ്രത്യേക വ്യക്തികളിലേക്കും, മുഴുവൻ സഭയിലേക്കുമാണ് മാറിയിരിക്കുന്നത്. ആ മാറ്റം വാക്യം 4 ൽ വരുത്തി, പൗലൊസ് ആദ്യം സംസാരിച്ചു തുടങ്ങുന്നത് ഒന്നാം വ്യക്തി ഏകവചനവുമായിട്ടാണ് ("ഞാൻ") ഫിലെമോനോട് മാത്രമായി പറയുകയാണ്.[1] ഈ ലേഖനത്തിന്റെ സന്ദർഭത്തിൽ തിമൊഥെയൊസും, അപ്പിയെയും, അർക്കിപ്പൊസും, കൊലൊസ്യ സഭയും ഉൾപ്പെടുന്നുവെങ്കിലും, പ്രാഥമികമായി പൗലൊസും ഫിലെമോനും തമ്മിലാണ് സംഭാഷണത്തിൽ പങ്കുള്ളവർ.

**വാക്യം 5**. ദയയും ഉത്തേജനവും കലർന്ന വാക്കുകൾ ഫിലെമോന്റെ ആത്മാവിനെ തണുപ്പിച്ചിരിക്കും. അപ്പൊസ്തലൻ എഴുതി, **നിനക്കുള്ള സ്നേഹത്തെയും വിശ്വാസത്തെയും കുറിച്ചു ഞാൻ കേട്ടു**. എപ്പഫ്രാസും ഒനേസിമോസും മുഖാന്തരം കൊലൊസ്യയിലെ സ്ഥിതി അറിഞ്ഞിട്ടാണ് ഈ ലേഖനം വരുന്നത് (കൊലൊ. 1:7, 8; ഫിലെ. 23). ഫിലെമോനെ കുറിച്ച് അവർ എന്തായിരുന്നു പറഞ്ഞത്? ഒനേസിമോസിനും ഫിലെമോനും തമ്മിൽ ഉണ്ടായ പ്രശ്നം അറിഞ്ഞിട്ട് ഫിലെമോനെ കുറിച്ച് മോശമായിട്ടായിരുന്നോ പൗലൊസ് കണ്ടത്? ഫിലെമോന് പരസ്യമായ ഒരു ശാസന ആവശ്യമായിരുന്നോ? അത്തരം ഭയം നീക്കുന്നതായിരുന്നു ആ വാക്യം.

കർത്താവായ **യേശുക്രിസ്തുവിനോടും സകല വിശുദ്ധന്മാരോടും ഫിലെമോനുള്ള സ്നേഹത്തെയും വിശ്വാസത്തെയുമാണ്** പൗലൊസ് പറയുന്നത്. അത് ഗ്രീക്ക് സാഹിത്യത്തിലെ പലപ്പോഴും പറയുന്ന ഒരു *ചിയാസ്മസ്* (*ചി* എന്ന ഗ്രീക്ക് അക്ഷരത്തിൽനിന്നും). ഈ ഘടനയിൽ, ഒന്നാമത്തെയും നാലാമത്തെയും പ്രയോഗങ്ങൾ, രണ്ടാമത്തേതും മൂന്നാമത്തേതുമായി (എ-ബി-ബി-എ) അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു. ഈ കാര്യത്തിൽ ഫിലെമോന്റെ സ്നേഹം "സകല വിശുദ്ധന്മാരോടും" ആണ് ബന്ധിപ്പിച്ചിരിക്കുന്നത്. അവന്റെ വിശ്വാസം "കർത്താവായ യേശുവിനോടും" ആണ് ബന്ധിപ്പിച്ചിരിക്കുന്നത്.

എ-"നിന്റെ സ്നേഹം"
ബി-"നിനക്കുള്ള വിശ്വാസം"
ബി-"കർത്താവായ യേശുവിനോട്"
എ-"സകല വിശുദ്ധന്മാരോടും"

ഫിലെമോന്റെ "കർത്താവായ യേശുവിനോടുള്ള ... വിശ്വാസവും," "സകല വിശുദ്ധന്മാരോടുമുള്ള ... സ്നേഹവും" ഈ ലേഖനത്തിലെ പ്രധാന വിഷയങ്ങളാണ്.

"വിശുദ്ധന്മാർ" എന്നത് പൗലൊസ് ക്രിസ്ത്യാനികളെ പറയുന്ന ഇഷ്ടപ്പെട്ട പ്രയോഗമാണ്. അക്ഷരികമായി, പുതിയ നിയമത്തിൽ "വിശുദ്ധർ" "വിശുദ്ധരായവർ" എന്നു പറയുന്നത് വിശ്വാസ വീരന്മാരെ സൂചിപ്പിച്ചുകൊണ്ടല്ല, പിന്നെയോ, ദൈവം യേശുവിന്റെ രക്തത്താൽ സകല ക്രിസ്ത്യാനികളെയും വിശുദ്ധീകരിക്കുന്നു എന്ന അർത്ഥമാണുള്ളത് (റോമർ 1:7; 16:15).

**വാക്യം 6. എന്റെ പ്രാർത്ഥനയിൽ** എന്ന് ഗ്രീക്ക് വേദപുസ്തകത്തിലില്ല; വാചക ഘടന സുഗമമാക്കുവാൻ തർജിമക്കാർ ചേർത്തതാണ് ആ വാക്കുകൾ. വാക്യം 4 ൽ "നിങ്ങളെ എന്റെ പ്രാർത്ഥനയിൽ ഓർക്കുന്നു" എന്നു പറഞ്ഞ അതേ അർത്ഥമാണ് "എന്റെ പ്രാർത്ഥനയിൽ" എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

**നിന്റെ വിശ്വാസത്തിന്റെ കൂട്ടായ്മ പരിജ്ഞാനത്താൽ ക്രിസ്തുവിന്നായി സഫലമാകേണ്ടതിന്ന് എന്റെ പ്രാർത്ഥനയിൽ ഓർക്കുന്നു.** ജോസെഫ് ഏ. ഫിറ്റ്സ്മയർ ശരിയായി പറഞ്ഞു, "ഈ ലേഖനത്തിൽ മനസിലാക്കുവാൻ വിഷമമേറിയ വാക്യമാണ് ഇത്."[2] എങ്ങനെയായാലും, ഇവിടെ പ്രശ്നം അഭിമുഖീകരിക്കുന്നുവെങ്കിലും, ധനികമായ പദാവലി നമ്മെ സന്ദേശത്തിന്റെ അടുത്ത ഘട്ടത്തിലേക്കു നയിക്കുകയാണ്.

ഈ സന്ദർഭത്തിൽ എൻഐവിയിൽ പൗലൊസ് ഫിലെമോനെ പ്രോൽസാഹിപ്പിക്കുന്നത് "[അവന്റെ] വിശ്വാസം പങ്കിടുന്നതിൽ സജീവമായിരിക്കുക" എന്നാണ്. എങ്ങനെയായാലും, ഈ സന്ദേശം ഇന്നു സാധാരണ പറയുന്നതുപോലെ ഫിലെമോൻ സുവിശേഷം അറിയിക്കുന്നതിൽ വ്യാപൃതനാകണം എന്ന അർത്ഥമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. "കൂട്ടായ്മ" (*കൊയിനോണിയ*) അർത്ഥമാക്കുന്നത് "ഒരാളുടെ വിഭവങ്ങൾ പങ്കിടുക" "പൊതുവായി കണക്കാക്കുക" "നൽകൽ" എന്നാണ്. ഫിലെമോന്റെ വിശ്വാസം സ്വകാര്യമായ ഒന്നായിരുന്നില്ല; അത് പൗലൊസിനോടും, ഒനേസിമോസിനോടും, ഫിലെമോന്റെ വീട്ടിലെ സഭയോടും പങ്കിടണമായിരുന്നു. ഫിലെമോൻ തന്റെ വിശ്വാസം സഹോദരങ്ങളോട് പങ്കിട്ടുകൊണ്ടാണിരുന്നത്. ഇപ്പോൾ തന്റെ വിശ്വാസം ഒരു ക്രിസ്തീയ ദാസന്റെ-യജമാനൻ എന്ന നിലയിൽ പങ്കിടേണ്ടി വന്നിരിക്കുന്നു.

"സഫലമാകുക" എന്നത് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് *എനെർജെസ്* എന്നാണ്, അതിൽനിന്നാണ് നമ്മുടെ ഇംഗ്ലീഷ് വാക്ക് "എനർജി" ലഭിച്ചത്. അതിന് "ഫലപ്രദം" (1 കൊ. 16:9) അല്ലെങ്കിൽ "സജീവമാകുക" (എബ്രാ 4:12) എന്നും അർത്ഥം വരാം. *എനെർജെസ്* എന്ന വാക്ക് ശക്തിയുമായി ബന്ധപ്പെട്ടതാണ്, "കഴിവിന്റെ പ്രായോഗിക പ്രകടനമാണ്."[3] ലേഖനത്തിലെ പൗലൊസിന്റെ അപേക്ഷ ഫിലെമോൻ നിരാകരിച്ചാൽ, അവന്റെ വിശ്വാസം, നിഷ്ഫലവും, ബലഹീനവുമാണെന്ന് തെളിയിക്കും. നേരെ മറിച്ച്, അവൻ പൗലൊസിന്റെ നിർദ്ദേശം അനുസരിച്ച് ഒനേസിമോസിന്റെ കാര്യത്തിൽ ശരിയായത് ചെയ്താൽ അവൻ ആരുമായി തന്റെ വിശ്വാസം പങ്കിടുന്നുവോ, അവർക്ക് ഒരു അനുഗ്രഹമായി തീരും.

"എല്ലാ നന്മയുടേയും പരിജ്ഞാനത്താൽ ക്രിസ്തുവിന്നായി" (വാ. 6) എന്നു പറയുന്നത് എന്തെങ്കിലും അനുഭവത്തിന്റെ വെളിച്ചത്തിൽ ലഭിക്കുന്ന ബുദ്ധിപരമായ ജ്ഞാനമല്ല. "നിന്നിൽ" എന്നു പറയുന്നത് അനിശ്ചിതമായ ഒന്നുകിൽ ബഹുവചനമായ "നിങ്ങളിൽ" (എൻഏഎസ്ബി; കെജെവി)

എന്നോ അല്ലെങ്കിൽ "നമ്മിൽ" എന്ന ബഹുവചനമോ ആകാം (എൻഐവി; ആർഎസ്‌വി നോക്കുക). ലേഖനത്തിന്റെ പൊതുവായ മാതൃകയിൽ ഈ ബഹുവചനം ഒരു ഒഴികഴിവായി കാണാവുന്നതാണ്. എന്നാൽ സന്ദേശത്തിലെ വിഷയം കൂട്ടായ്മ ആയതിനാൽ ബഹുവചനം പ്രതീക്ഷിക്കാവുന്നതാണ്.

"ക്രിസ്തുവിന്നായി" എന്നത് അക്ഷരികമായി "ക്രിസ്തുവിൽ" അല്ലെങ്കിൽ "ക്രിസ്തുവിനോട്" എന്നാണ്. ഈ വാക്യത്തെ മുഴുവനായും ജെയിംസ് ഡി. ജി. ഡൻ ഇങ്ങനെ തീർപ്പാക്കി,

> പങ്കിടുന്ന വിശ്വാസത്തിന്റെ യോജിച്ച സ്വഭാവമാണ് ചിന്താകേന്ദ്രം. സ്വകാര്യമായ മതവിശ്വാസത്തെ വളർത്തുവാനുള്ള ആശയമായിരുന്നില്ല പൗലൊസിന്റേത്, അത് ഒരു വ്യക്തി ആസ്വദിക്കുന്നതും വേറിട്ട ഒരു വ്യക്തിയായി പരിശീലിക്കുന്നതുമായിരുന്നു.[4]

മൊത്തത്തിൽ, പൗലൊസ് ഏതാണ്ട് താഴെ കൊടുത്തിരിക്കുന്നതുപോലെയാണ് പറയുന്നത്:

> ഫിലെമോനേ, നീ നിന്റെ വിശ്വാസം, നിന്റെ വീട്, ജീവിതം, കൊലൊസ്യ സഭയുമായി പങ്കിടുവാനുള്ള സന്മനസിനെ ഓർത്ത് എന്റെ പ്രാർത്ഥനയിൽ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. ഇപ്പോൾ ഞാൻ പറയുവാൻ പോകുന്നതിന്റെ വെളിച്ചത്തിൽ, കരുണാപൂർണ്ണമായ പങ്കിടൽ ഒനേസിമോസിലേക്കും വ്യാപിപ്പിക്കണം. ദൈവജനവുമായ കൂട്ടായ്മയിൽ അവിശ്വസനിയമായ നന്മ ഉൾപ്പെടുന്നു. അത് സത്യമാണെന്നു നമുക്ക് കാണുവാൻ കഴിഞ്ഞാൽ നാം അതിശയിച്ചുപോകും. കുഴപ്പങ്ങളുടെയും പോരാട്ടത്തിന്റെയും മദ്ധ്യേ ചിലപ്പോൾ നാം അത് മറന്നുപോകും. ഇപ്പോൾ ദൈവം നിന്റെ ജീവിതത്തിൽ പ്രവർത്തിക്കുന്നതിന്റെ ചെറിയ ഒരംശം നിനക്കു കാണുവാൻ കഴിഞ്ഞാൽ, മുൻപ് നിനക്ക് ലഭിക്കാതിരുന്ന കൂട്ടായ്മയുടെ മഹത്വം നിനക്കു ലഭിക്കും. ഈ നിർണ്ണായക നിമിഷത്തിൽ, മറ്റുള്ളവരെ നിന്നിൽനിന്നു മാറ്റി നിർത്തരുത്. ഒനേസിമൊസുമായുള്ള ഇപ്പോഴത്തെ "പ്രശ്നം" ക്രിസ്തുവിനോടുകൂടെയുള്ള നിന്റെ നടപ്പ് പുരോഗമിപ്പിക്കുവാനുള്ള സുവർണ്ണാവസരമാണ്. നീ ചെയ്യുന്നതിലെല്ലാം കർത്താവായ യേശുവിന്നു മഹത്വം ലഭിക്കുമാറാകട്ടെ!

**വാക്യം 7**. വാക്യം 7 പൗലൊസിന്റെ വാക്യം 6 ലെ പ്രാർത്ഥനയുടെ ഭാഗമാണ് എന്ന കാര്യം തർക്കത്തിലായിട്ടുണ്ട്. പ്രാർത്ഥന കഴിഞ്ഞ് വാക്യം 8 ലേക്ക് തിരിയുമ്പോൾ അത് "വിജാകിരി" പോലെ യോജിപ്പിക്കുന്നതാണ്. അപ്പൊസ്തലൻ ഏൽപ്പിക്കുവാൻ പോകുന്ന ചുമതല നൽകുന്നതിനു മുൻപു ഫിലെമോനുള്ള ഉറപ്പുകളാണ് വാക്യം 7 മുഴുവൻ. ഇവിടെ ഫിലെമോനെ കുറിച്ച് പറഞ്ഞിരിക്കുന്നതുപോലെയാണ് എല്ലാ ക്രിസ്ത്യാനികളെ കുറിച്ചും പറയേണ്ടത്.

**വിശുദ്ധന്മാരുടെ ഹൃദയം** നീ തണുപ്പിച്ചതുകൊണ്ട്, സഹോദരാ നിന്റെ സ്നേഹത്തിൽ എനിക്ക് സന്തോഷവും ആശ്വാസവും ഉണ്ടായി എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്. "സന്തോഷം" ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ഫലമാണ് (ഗലാ. 5:22) ഒരു വ്യക്തിയുടെ ജീവിതത്തിൽ അവൻ വസിക്കു

മെന്നാണ് അതു സൂചിപ്പിക്കുന്നത്. പൗലൊസ് ഫിലെമോനെ ഓർത്തപ്പോൾ ചിരിച്ചുകാണും.ഫിലെമോനെ കുറിച്ച് പൗലൊസ് പറഞ്ഞ മറ്റൊരു വിശാലമായ വാക്കാണ് "ആശ്വാസം" എന്നത്. അവൻ ഉപയോഗിച്ച ഗ്രീക്ക് വാക്ക് "ആശ്വസിപ്പിക്കുക," അല്ലെങ്കിൽ "മറ്റൊരാളുടെ ആത്മാവിനെ ഉയർത്തുക."[5] ഫിലെമോൻ "സഹപ്രവർത്തകനായുള്ളതിനാൽ" താൻ "ശക്തനും സന്തോഷവാനും ആണ്" എന്നാണ് പൗലൊസ് സൂചിപ്പിച്ചത് (വാ. 1). ഫിലെമോന്റെ സ്നേഹത്തിൽനിന്നാണ് ആ സന്തോഷവും ആശ്വാസവും അവന് ലഭിച്ചത്. രണ്ട് വാക്യങ്ങൾക്ക് ശേഷം ഒനേസിമോസിനു വേണ്ടി അതേ ആശ്വാസത്തെ കുറിച്ച് പൗലൊസ് പറയുന്നു (വാ. 9)

**വിശുദ്ധന്മാരുടെ ഹൃദയങ്ങളെ** കുറിച്ച് പൗലൊസ് സംസാരിച്ചു. മനുഷ്യ വികാരങ്ങളുടെ കേന്ദ്രത്തെ സൂചിപ്പിക്കുവാൻ മൂന്നു പ്രാവശ്യം പറഞ്ഞിരിക്കുന്നതിൽ ആദ്യത്തേതാണ് *സ്പ്ലാഗ്ച്നാ* എന്ന ഗ്രീക്ക് നാമം (വാ. 12, 20). അതിന്റെ അക്ഷരികമായ അർത്ഥം "ആന്തരികാവയവങ്ങൾ," "അന്തർഭാഗം" എന്നാണ്.[6] "ഹൃദയാന്തർഭാഗത്ത്" എന്ന പ്രയോഗമായിരിക്കും ഇന്ന് നടത്തുക. വിശുദ്ധന്മാരുടെ ഹൃദയങ്ങൾക്ക് **ആശ്വാസമായി**. അത് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് ക്രിയ (*അനപൗവുവോ*) യുടെ അർത്ഥം, "ആർക്കെങ്കിലും വേലയിൽനിന്ന് ആശ്വാസം കിട്ടുക, ... വിശ്രമിക്കുവാൻ കാരണമാകുക, *വിശ്രമം* (ആർക്കെങ്കിലും) *നൽകുക, ആശ്വസിക്കുക, നവോന്മേഷം ലഭിക്കുക*."[7] ഫിലെമോന്റെ സ്നേഹം, ശക്തമായ കൂട്ടായ്മക്കും ഉദാരതക്കും കാരണമായി തീർന്നതിനാൽ, അത് വിശുദ്ധന്മാരുടെ ആത്മാക്കളെ ആശ്വസിപ്പിച്ചു. ആ അറിവാണ് പൗലൊസിനെ സന്തോഷിക്കുവാനും ആശ്വസിപ്പിക്കുവാനുമിടയാക്കിയത്.

**സഹോദരാ, നീ മൂലം** എന്ന പ്രയോഗം ലേഖനത്തിന്റെ മുഖവുര അവസാനിപ്പിക്കുന്നതാണ്. "സഹോദരൻ" എന്നത് പൊതുവായ പ്രയോഗമാണ്, പിന്നീട് ദാസനായ ഒനേസിമോസിനെ-ഒരു സഹോദരനായി കാണണം എന്നു പൗലൊസ് പറഞ്ഞപ്പോൾ അതിന്റെ അർത്ഥത്തിന് ഒരു പ്രത്യേകതയുള്ളതായി തീരുന്നു (വാ. 16).

## പ്രായോഗികത

### നിന്റെ വിശ്വാസം പങ്കിടൽ (വാ. 6)

ക്രിസ്തീയ വിശ്വാസം ഒരിക്കലും സ്വകാര്യമായി വെക്കുവാനുള്ളതല്ല. അത് ആരംഭം മുതൽ സമൂഹത്തിന് അനുഭവപ്പെടുവാനുള്ളതായിരുന്നു (പ്രവൃ. 2:41–47). ആദ്യ ക്രിസ്ത്യാനികൾ ഒരുമിച്ചായിരുന്നു പ്രാർത്ഥിച്ചതും, ഭക്ഷിച്ചതും, നമസ്കരിച്ചതും, പങ്കിട്ടതും, ആഘോഷിച്ചതും കഷ്ടത അനുഭവിച്ചതും. തനിച്ചുള്ള ക്രിസ്ത്യാനി എന്നത് അന്നു ചിന്തിക്കുവാൻ പോലും കഴിഞ്ഞിരുന്നില്ല.

ഒരിക്കൽ ചിന്തിക്കുവാൻ പോലും കഴിയാതിരുന്നതാണ് ഇന്നു പൊതുവായി പരിശീലിക്കുന്നത്. "വ്യക്തിപരമായ വിശ്വാസം" ഒരു വലിയ നേട്ടം ഓരോ ക്രിസ്ത്യാനിയുടേയും നേട്ടം ആയും, കൂട്ടായ്മ എന്നത് തിരഞ്ഞെടുക്കാവുന്നതുമായി മാറിയിരിക്കുന്നു. "യേശു, അതെ! എന്നാൽ സഭയോ, അല്ല!" എന്നു പറയുവാൻ പോലും ആളുകൾ ധൈര്യം കാണിക്കുന്നു.

അതിരുകവിഞ്ഞ സ്വയംഭരണാവകാശം ഫിലെമോന്നുള്ള പൗലൊസിന്റെ ശക്തമായ ലേഖനത്തിന് എതിരാണ്. ഫിലെമോന്ന് ഒരു പ്രശ്നമുണ്ടായിരു

ന്നു. ഒനേസിമോസ് എന്ന ദാസൻ അവനെ വിട്ട് ഓടിപ്പോയതു നിമിത്തം അവന്റെ യജമാനന് വലിയ സാമ്പത്തിക നഷ്ടം വരുത്തി. കൂടാതെ അവൻ യജമാനന്റെ പണം മോഷ്ടിച്ചിരിക്കാം (വാ. 18). പൗലൊസ് ഒനേസിമോസിനെ ഫിലെമോന്റെ അടുക്കലേക്ക് അയച്ചപ്പോൾ നിരപ്പിന്റെ ഒരു കത്തുമായിട്ടാണ് അയച്ചത്. ആ ലേഖനത്തിൽ പൗലൊസ് ഫിലെമോന്ന് ഉറപ്പ് കൊടുത്ത് എഴുതി, "നിന്റെ വിശ്വാസത്തിന്റെ കൂട്ടായ്മ ഫലവത്താകേണ്ടതിന്നു ഞാൻ പ്രാർത്ഥിക്കുന്നു ..." വിശ്വാസം, മറ്റൊരു വിധത്തിൽ പറഞ്ഞാൽ പങ്കിടേണ്ടതാണ്.

തനിക്ക് സ്വയമായി നേരിടുവാൻ കഴിയാത്ത ഒരു പ്രശ്നമായിരുന്നു ഫിലെമോനെ അലട്ടിക്കൊണ്ടിരുന്നത്. അത് സഭയിലെ മറ്റംഗങ്ങളുമായി പങ്കിടേണ്ടിയിരുന്ന ഒരു വിശ്വാസ പ്രശ്നമായിരുന്നു. ക്രിസ്ത്യാനികളായി നാം ചെയ്യുന്നതെല്ലാം "ക്രിസ്തുവിന്നു വേണ്ടിയാണ്," നാം ജീവിക്കുന്നതും, പഠിക്കുന്നതും, വളരുന്നതും സമൂഹത്തിലാണ്-അല്ലാതെ തനിയെ അല്ല.

**ബുദ്ധിമുട്ടുള്ള ആളുകൾ (വാ. 6)**

എല്ലാവർക്കും ബുദ്ധിമുട്ടുള്ള ആളുകളെ നേരിടേണ്ടതായിട്ടുണ്ട്. അതിൽനിന്നും ആർക്കും ഒഴിഞ്ഞു മാറുവാൻ സാധ്യമല്ല! സഭ എത്ര വലുതായാലും ചെറുതായാലും ചുരുങ്ങിയത് ഒരു പ്രശ്നം എങ്കിലും ഉണ്ടായിരിക്കും-സങ്കടം പറയുന്ന, വിമർശിക്കുന്ന, പരാതിപ്പെടുന്ന, അല്ലെങ്കിൽ, സ്വയം-കേന്ദ്രീകൃതമായി തീർന്ന് ഇടവകയുടെ നല്ലൊരു ശതമാനം ഊർജവും വിഭവങ്ങളും കവർന്നുകളയുകയാണ്. "വലിയ ഈ കേടുപാടുകൾ" സഭയ്ക്ക് നൽകാതെ ഓരോരുത്തർക്കുമായി ദൈവം വിട്ടിരിക്കുന്നത് എന്തുകൊണ്ടാണ്?

ആദ്യമായി, സഭയുടെ അഭിപ്രായം വിഷമമുള്ള ആളുകളില്ലാതിരുന്നാൽ ആകർഷണിയമാണെന്നതാണ്. എങ്ങനെയായാലും, പ്രതിഫലനം അധികവും കുറഞ്ഞിരിക്കും, ബുദ്ധിമുട്ടുള്ള അളുകളും (ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളും) വളരുവാൻ എല്ലാവരേയും സഹായിക്കും. ക്ഷമ പരീക്ഷിക്കപ്പെട്ടില്ലെങ്കിൽ എങ്ങനെയാണ് ഒരാൾക്ക് ക്ഷമയിൽ വളരുവാൻ കഴിയുന്നത്? ആദ്യം ഒരാൾ മുറിവേൽക്കപ്പെട്ടില്ലെങ്കിൽ ഒരാൾ എങ്ങനെയാണ് പാപക്ഷമാപണത്തിൽ വളരുന്നത്? തെറ്റുകൾ കണക്കു കൂട്ടാതെ എങ്ങനെയാണ് ഒരാൾ തെറ്റുകൾ വെച്ചുകൊണ്ടിരിക്കരുത് എന്നു പഠിക്കുക? സഭയ്ക്കുള്ള വലിയ ദാനമാണ് ബുദ്ധിമുട്ടുള്ള ആളുകളും ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളും.

വ്യക്തികൾ തമ്മിലുള്ള പോരാട്ടങ്ങൾ അടിക്കടി സഭകളിൽ ഉണ്ടാകുമെന്നാണ് ഫിലെമോന്റെ ലേഖനം നമ്മെ ഓർമ്മിപ്പിക്കുന്നത്. കുഴപ്പങ്ങൾ സംഭവിക്കുമ്പോൾ, പലപ്പോഴും ആളുകൾ പരിഭ്രാന്തരാകും, നിരാശയിലുമാകും, എങ്കിലും അത് സഭയ്ക്ക് വളരുവാൻ ലഭിച്ചിരിക്കുന്ന മനോഹരമായ അവസരമാണ്. വിപ്ലവാത്മകമായ ഒരു ലേഖനം പൗലൊസ് എഴുതിയപ്പോൾ, വേദനാജനകമായ പ്രശ്നം സഭക്ക് ഏറ്റെടുക്കുവാനുള്ള സാധ്യതയായിട്ടായിരുന്നു കണ്ടത്. ആ പ്രശ്ന പരിഹാരത്തിനായിരുന്നു അവൻ പ്രാർത്ഥിച്ചത്. ഫിലെമോൻ തന്റെ ക്രിസ്തീയ വിശ്വാസം കൂടുതൽ ആഴത്തിൽ, ആത്മാർത്ഥതയോടെ പങ്കിട്ട്, അവന്റെ ഊർജ്വസ്വലതയുടെ മാതൃകയാൽ സഭയെ ശക്തിപ്പെടുത്തുക തന്നെ ചെയ്യും. സഭയ്ക്ക് സംഭവിക്കാവുന്ന നല്ല കാര്യമാണ് ബുദ്ധിമുട്ട്.

**നാം പരസ്പരം ആവശ്യമുള്ളവരാണ് (വാ. 6)**

ഒരു നദിക്കരികിൽ പാളയമടിച്ച അമേരിക്കൻ ഗോത്രവർഗ്ഗക്കാരുടെ ഒരു

പഴയ മനോഹരമായ കഥ പറഞ്ഞു കേട്ടിട്ടുണ്ട്. ഒരു ദിവസം, നോക്കിയപ്പോൾ, അവരെ ആക്രമിക്കുന്നതിന് അവരുടെ ശത്രു മലയിറങ്ങി വരുന്നതു കണ്ടു. അവർ കുടുങ്ങിയിരിക്കുന്നു; ആ വിശാലമായ നദി ആഴമുള്ളതാണെന്ന് എല്ലാവർക്കും അറിയാമായിരുന്നു, എത്ര ശക്തിയുള്ള ആളായാലും നീന്താതെ മറുകര കടക്കുവാൻ സാധ്യമല്ലായിരുന്നു, കാരണം ശക്തമായ ഒഴുക്കായിരുന്നു. അപ്പോൾ ശക്തരായ പടയാളികൾ ചെറിയവരെയും ബലഹീനരെയും ചുമലിൽ ഏറ്റി വെള്ളത്തിലേക്ക് ഇറങ്ങി. അതിശയിപ്പിച്ചുകൊണ്ട് അവർ സുരക്ഷിതരായി മറുകരയിലെത്തി. ബലഹീനരുടേയും ചെറിയവരുടെയും ഭാരം ശക്തിയുള്ള പടയാളികളുടെ കാലുകൾ നദിക്കടിയിൽ ഉറപ്പിക്കുവാൻ സഹായിച്ചു എന്നു തോന്നുന്നു. ഗോത്രത്തിൽ പെട്ട ശക്തിയുള്ളവർക്ക് ബലഹീനരും ചെറിയവരും, അവർക്ക് തിരിച്ച് ശക്തരും സുരക്ഷിതത്വത്തിന് ആവശ്യമായിരുന്നു.

**"ഞങ്ങളെ കുറിച്ച് ഒന്നും നിങ്ങൾക്ക് ഇഷ്ടമല്ലേ?" (വാ. 7)**

പട്ടണത്തിൽ താമസിച്ച് ജോലി ചെയ്തിരുന്ന ഒരു ഉപദേഷ്ടാവ് ഒരിക്കൽ ഗ്രാമത്തിലുള്ള ഒരു ഇടവകയിൽ ഞായറാഴ്ച്ച പ്രസംഗിക്കുവാൻ പോകുമായിരുന്നു. മാസങ്ങൾക്ക് ശേഷം ഒരു ഞായറാഴ്ച്ച വൈകുന്നേരം ഒരു സംഭവം നടക്കുന്നതുവരെ ഉപദേഷ്ടാവ് തന്റെ ശുശ്രൂഷയുടെ കാഴ്ച്ചപ്പാടിൽ മാറ്റം വരുത്തിയില്ല. ഒരു ദിവസത്തെ സന്ദർശനത്തിനും പ്രസംഗത്തിനും ശേഷം വീട്ടിലേക്ക് പോകുവാൻ അദ്ദേഹം കാറിൽ കയറി. അദ്ദേഹം പുറപ്പെടുന്നതിനുമുൻപ് ഇടവകയിലെ ഒരു സ്ത്രീ കൈകാണിച്ച് അദ്ദേഹത്തോട് സംസാരിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. അദ്ദേഹം തന്റെ കാറിന്റെ ഗ്ലാസ് താഴ്ത്തിയപ്പോൾ ആ സ്ത്രീ കരയുന്നതു കണ്ടു. എന്താണ് പ്രശ്നം എന്നു ചോദിച്ചതിന് അവൾ പറഞ്ഞു, "ഞങ്ങളെ കുറിച്ച് നിങ്ങൾക്ക് *ഒന്നും* ഇഷ്ടമല്ലേ?"

ആ ഉപദേഷ്ടാവ് അന്നു വരെ സഭയ്ക്ക് ചെയ്യുവാൻ കഴിയാതിരുന്നതിനെ കുറിച്ചു മാത്രമായിരുന്നു പ്രസംഗിച്ചത് എന്ന കാഴ്ച്ചപ്പാടായിരുന്നു അവരുടേത്. അത് ഉപദേഷ്ടാവിനെ വാസ്തവത്തിൽ ഞെട്ടിച്ചു, അദ്ദേഹം വാഹനം ഓടിച്ചു വീട്ടിലേക്ക് പോയപ്പോൾ, താൻ മുൻപ് പ്രസംഗിച്ച പ്രസംഗങ്ങളെ കുറിച്ച് അവലോകനം നടത്തുകയായിരുന്നു. ആ ഗ്രാമത്തിലുള്ള ഇടവകയിലെ ആളുകളെ അദ്ദേഹം സ്നേഹിച്ചിരുന്നു എങ്കിലും, അദ്ദേഹത്തിന്റെ പ്രസംഗ വിഷയങ്ങളിലെല്ലാം ഉയർന്നു നിന്നത് അവർ ചെയ്യാതിരുന്ന കാര്യങ്ങളെ കുറിച്ചായിരുന്നു. ഭാവിയിൽ തന്റെ പ്രസംഗത്തിൽ വരുത്തേണ്ട മാറ്റത്തെ കുറിച്ചായിരുന്നു അദ്ദേഹം ആ രാത്രിയിൽ ചിന്തിച്ചതെല്ലാം. അവർ ചെയ്തുകൊണ്ടിരിക്കുന്നത് ക്രിസ്ത്യാനകൾ ഇപ്പോൾ ഉറപ്പിക്കേണ്ടതായിട്ടുണ്ടെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു.

ഫിലെമോനുള്ള ലേഖനത്തിൽ പൗലൊസിനു നൽകുവാനുണ്ടായിരുന്നത് ബുദ്ധിമുട്ടുള്ള സന്ദേശമായിരുന്നു. ഗവൺമെന്റിനെ, നിയമത്തെ, സംസ്കാരത്തെ, സമ്പത്ത് എന്നിവയെ കുറിച്ച് ആയിരുന്നില്ല അവന്റെ സന്ദേശം. ലേഖനത്തിലെ സന്ദേശം ശരിയായി ആളുകളുടെ ഉള്ളത്തിൽ എത്തിയില്ലെങ്കിൽ, ആളുകൾ കോപാകുലരാകുകയും അങ്ങനെ സഭ ഭിന്നിക്കുവാനുമിടയുണ്ട്. പ്രശ്നത്തിലേക്ക് കടക്കുന്നതിനു മുൻപ് അവൻ ഫിലെമോൻ അന്നുവരെ ചെയ്തിരുന്ന നല്ല കാര്യങ്ങളെ കുറിച്ചായിരുന്നു പ്രസ്താവിച്ചത്. അവൻ ഫിലെമോനെ സംബോധന ചെയ്തത് "പ്രിയനും കൂട്ടുവേലക്കാരനും" എന്നായിരു

ന്നു (വാ. 1) ഫിലെമോൻ കാണിച്ച വിശ്വാസത്തിനും സ്നേഹത്തിനും അവൻ ദൈവത്തിന് സ്തോത്രം ചെയ്യുന്നുമുണ്ട് (വാ. 4, 5). ഫിലെമോൻ തനിക്ക് “സന്തോഷവും ആശ്വാസവും നൽകി” എന്നായിരുന്നു ഉയർത്തുന്ന തന്റെ ആമുഖത്തിന്റെ അവസാനം പറഞ്ഞത് (വാ. 7) അത് പല സ്ഥലങ്ങളിലെയും ക്രിസ്ത്യാനികളെ സ്നേഹിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്തതിനാലായിരുന്നു. അതുവരെ ഫിലെമോൻ ചെയ്തുകൊണ്ടിരുന്നതിനെ കുറിച്ച് പറഞ്ഞശേഷമാണ്, ഇനി ചെയ്യേണ്ടതിനെ കുറിച്ചു പൗലൊസ് ആവശ്യപ്പെട്ടത്.

---

കുറിപ്പുകൾ

[1]“നീ” എന്ന ഏകവചനത്തോടുകൂടിയാണ് അവൻ വാക്യം 4 ൽ തുടങ്ങുന്നത്. വാക്യം 22 ൽ ബഹുവചനം ഉപയോഗിക്കുന്നതുവരെ അതു തുടരുകയായിരുന്നു. വാക്യം 6 ന്റെ അവസാനം സാധ്യതയുള്ള ഒരു ഒഴികഴിവ് കാണുന്നു, അവിടെ പൗലൊസ് പറയുന്നത് “*നിന്നിലുള്ള* എല്ലാ നന്മയുടേയും പരിജ്ഞാനം” എന്നാണ് (എംഫസിസ് ആഡഡ്). [2]ജോസെഫ് ഏ.ഫിറ്റ്സ്മയർ, *ദ ലെറ്റർ ടു ഫിലെമോൻ*, ദ ആങ്കർ ബൈബിൾ, വാല്യം. 34സി (ന്യൂയോർക്ക്: ഡബിൾഡേ, 2000), 97. [3]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 335. [4]ജെയിംസ് ഡി. ജി. ഡൻ, *ദ എപ്പിസ്റ്റിൽസ് ടു ദ കൊലൊഷ്യൻസ് ആന്റ് ടു ഫിലെമോൻ: ഏ കമെന്ററി ഓൺ ദ ഗ്രീക്ക് ടെക്സ്റ്റ്*. ദ ന്യു ഇന്റർനാഷ്ണൽ ഗ്രീക്ക് ടെസ്റ്റമെന്റ് കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1996), 319. [5]ബാവർ, 766. [6]ഇബിഡ്., 938. [7]ഇബിഡ്., 69.